# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4356 — 21-03-2018-ൽ മറുപടിക്ക്

### സർക്കാർ ഉടമസ്ഥതിയിലുള്ള ഐ.ടി. പാർക്കുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>,, സി.കെ. ഹരീന്ദ്രൻ<br>,, ജോൺ ഫെർണാണ്ടസ്<br>,, എ. പ്രദീപ് കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | ഉണ്ട്.<br>ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള ഗവേണിംഗ് കൗൺസിൽ വർഷത്തിലൊരിക്കലും ബഹു. ഐ.ടി വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കൗൺസിൽ 3 മാസത്തിലൊരിക്കലും സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി പാർക്കുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും അവലോകനം നടത്തുകയും അവ വിലയിരുത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഈ സർക്കാർ, സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളുടെ നവീകരണത്തിനും വികസനത്തിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിവരിക്കുമോ; | ബി) | സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളുടെ നവീകരണത്തിനും വികസനത്തിനുമായി തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നീ |

| | | | |
|---|---|---|---|
| | | | പാർക്കുകൾ കേരള ഐ.ടി പാർക്ക്സ് എന്ന ഒരു കുടക്കീഴിൽ കൊണ്ടുവരുകയും അതുവഴി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>**<u>ടെക്നോപാർക്ക്</u>**<br>• വളർന്നു വരുന്ന നൂതന സാങ്കേതിക വിദ്യകളെ വികസിപ്പിച്ചു കൊണ്ട് ഈ മേഖലയിൽ ഒരു മുന്നേറ്റത്തിനു വഴിയൊരുക്കുന്ന നോളഡ്ജ് സിറ്റി പദ്ധതിക്കായി ടെക്നോസിറ്റിയിൽ 300 ഏക്കർ ഭൂമി മാറ്റിവെച്ചിട്ടുണ്ട്.<br>• ടെക്നോ സിറ്റി Non SEZ-ൽ 2 ലക്ഷം ച അടിയിൽ നിർമ്മിക്കുന്ന ഐ.ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ.<br>• ടെക്നോപാർക്കിന്റെ ഒന്നാം ഘട്ടത്തിൽ നിലവിലുള്ള പാർക്ക് സെന്റർ, ഗായത്രി എന്നീ ഐ.ടി കെട്ടിടങ്ങളിൽ സജ്ജീകരിക്കുന്ന പൂർണ്ണമായും ഫർണിഷ് ചെയ്ത 27 ഐ.ടി ബിസിനസ്സ് ഓഫീസുകൾ.<br>• ടെക്നോപാർക്കിന്റെ ഒന്നാം ഘട്ടത്തിൽ തേജസ്വിനി ബിൽഡിംഗിലെ HVAC/ ഇലക്ട്രിക്കൽ സംവിധാനം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, വൈദ്യുത വിതരണ സംവിധാനം, നിളാ കെട്ടിടത്തിന്റെ (ഫ്രണ്ട് & റിസപ്ക്ഷൻ ഏരിയ) എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ.<br>• മൂന്നാം ഘട്ടത്തിൽ 200 kwp സോളാർ പവർ പ്ലാന്റ് സംവിധാനം, പാർക്ക് സെന്റർ |

| | | | |
|---|---|---|---|
| | | | ഓഫീസ് മറ്റു വിനോദോപാധികളും ഉൾപ്പെട്ട സൗകര്യങ്ങളുടെ സജ്ജീകരണവും 110 KV ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ വികസനം, ഐ.ടി ബിൽഡിംഗിലെ ക്ലീനിംഗ് സംവിധാനം, സൗണ്ട് പ്രൂഫിംഗ് സംവിധാനങ്ങൾ തുടങ്ങിയവ.<br><br>**<u>ഇൻഫോ പാർക്ക്</u>**<br>• ഇൻഫോ പാർക്കിന്റെ പുതിയ ഐ.ടി കെട്ടിട സമുച്ചയമായ രണ്ടാം ഘട്ടത്തിലെ 4 ലക്ഷം ച.അടി ഐ.ടി കെട്ടിടമായ ജ്യോതിർമയി ആരംഭിച്ചിട്ടുണ്ട്.<br>• ഇൻഫോ പാർക്കിന്റെ നിലവിലുള്ള പദ്ധതികളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.<br>**<u>സൈബർ പാർക്ക്.</u>**<br>• കോഴിക്കോട് സൈബർ പാർക്കിന്റെ ആദ്യ ഐ.ടി ബിൽഡിംഗ് ആയ സഹ്യയുടെ ഗ്രൗണ്ട് ഫ്ലോറിൽ 6 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. സഹ്യ കെട്ടിടത്തിന്റെ ഒന്നാം നിലയിലെ സ്ഥലം 2018 മാർച്ച് അവസാനത്തോടുകൂടി കമ്പനികൾക്ക് കൈമാറാൻ കഴിയുന്നതാണ്. കൂടാതെ സൈബർ പാർക്കിന്റെ പൂർണ്ണമായും പ്രവർത്തന ക്ഷമമായ (Fully furnished) 13,000 ച.അടി ബിസിനസ്സ് ഓഫീസുകൾ IAMAI (Internet and Mobile Association of India) ക്ക് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • സൈബർ പാർക്കിന്റെ 2018-19 വർഷത്തെ പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രസ്ട്രച്ചർ ലിമിറ്റഡ് (KSITIL)-ലുമായി ചേർന്ന് 50000 ച.അടി ഐ.ടി ബിൽഡിംഗ്, 2019-2020 വർഷത്തെ പദ്ധതിയുടെ ഭാഗമായി 3.5 ലക്ഷം ച.അടി ഐ.ടി ബിൽഡിംഗ് തുടങ്ങാൻ പദ്ധതിയുണ്ട്. |
| സി) | ഐ.ടി. പാർക്കുകളിൽ പശ്ചാത്തല വികസനത്തിനും തൊഴിലാളികളുടെ സുരക്ഷയ്ക്കും താമസ സൗകര്യത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | സി) | **ടെക്നോപാർക്ക്.**<br>• **താമസ സൗകര്യങ്ങൾ.**<br>ടെക്നോപാർക്കിലെ പുരുഷ -വനിതാ ജീവനക്കാർക്കു വേണ്ടി സമീപ പ്രദേശങ്ങളിൽ ഹോസ്റ്റലുകൾ, പേയിംഗ് ഗസ്റ്റ് സൗകര്യങ്ങൾ, വാടക വീടുകൾ, ഫ്ലാറ്റുകൾ ഉൾപ്പെട്ട നിരവധി താമസ സൗകര്യങ്ങൾ ലഭ്യമാണ്.<br>• **യാത്രാ സൗകര്യങ്ങൾ.**<br>ടെക്നോപാർക്ക് കാമ്പസിനുള്ളിലൂടെ KSRTC / Private ബസുകളുടെ ദീർഘദൂരമുൾപ്പെടെയുള്ള പൊതു സർവ്വീസുകൾ, കമ്പനികൾ ഏർപ്പെടുത്തിയിട്ടുള്ള വാഹന സൗകര്യങ്ങൾ, പ്രീപെയിഡ് ഓട്ടോറിക്ഷ സംവിധാനം എന്നിവയും ജീവനക്കാർക്ക് ലഭ്യമാണ്.<br>• **മികച്ച സുരക്ഷാ സംവിധാനം.**<br>പോലീസ് എയ്ഡ് പോസ്റ്റ്, വുമൺസ് ഹെൽപ് ഡെസ്ക്, സൈബർ സബ് വെ സിസ്റ്റം, പിങ്ക് പട്രോളിംഗ്, മൈക്രോ 181 ഹെൽപ് ലൈൻ, 24 മണിക്കൂറും പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | സെക്യൂരിറ്റി കൺട്രോൾ, എസ്.ഐ.എസ്-എഫ്-ഉം, പ്രൈവറ്റ് സെക്യൂരിറ്റി ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനം.<br>**<u>ഇൻഫോ പാർക്ക്</u>**<br>• കമ്പനികൾ ഏർപ്പെടുത്തിയിട്ടുള്ള യാത്രാ സൗകര്യങ്ങൾ കൂടാതെ ഇൻഫോ പാർക്കിന്റെ ചുമതലയിൽ ജീവനക്കാർക്കായി ഒരു ബസ് സർവ്വീസ് (പാലാരിവട്ടം വരെ) നടത്തുന്നുണ്ട്.<br>**സൈബർ പാർക്ക്.**<br>• സൈബർ പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ് മറ്റു പാർക്കുകളിലെ പോലെ വിപുലമായ സുരക്ഷാ സംവിധാനങ്ങളും, യാത്ര സൗകര്യങ്ങളും ഇവിടെയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | സർക്കാർ ഉടമസ്ഥതയിൽ പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ? | ഡി) | ഇപ്പോൾ പദ്ധതിയില്ല |

**സെക്ഷൻ ഓഫീസർ**